# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 132

01-12-2014- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എ.അസീസ് : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്രാ ട്രാൻസ്മെന്റ്ഷിപ്പ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1) **<u>പാരിസ്ഥിതികാനുമതി</u>**<br><br>ഏതാണ്ട് രണ്ടു വർഷത്തോളം നീണ്ടു നിന്ന വിശദമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി മൂന്നിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കി.<br><br>2) **<u>മാസ്റ്റർ പ്ലാൻ</u>**<br><br>ഇടത്തരം കപ്പൽ (9000 ടി.ഇ.യു) അടുപ്പിക്കുന്നതിനുള്ള പഴയ മാസ്റ്റർ പ്ലാൻ 18,000 ടി.ഇ.യു അടുപ്പിക്കുവാനുതകുന്ന തരത്തിൽ പരിഷ്കരിക്കുകയും 2013 മെയ് മാസം മാസ്റ്റർ പ്ലാനും ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടും പൂർത്തീകരിക്കുകയുണ്ടായി.<br><br>3) **<u>പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ</u>**<br><br>പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായതിനെ തുടർന്ന് തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനും വേണ്ടിയുള്ള പങ്കാളിയെ കണ്ടെത്തുന്നതി നുളള ആഗോള ടെൻഡർ 2013 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ചു. Viability Gap Funding മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ഈ ടെണ്ടർ |

സമർപ്പിക്കുവാനുള്ള അവസാന തീയതി 2014 ഡിസംബർ 30 ആണ്.

4) <u>വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്</u>

പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനുവേണ്ടി പദ്ധതി ലാൻഡ് ലോർഡ് മോഡലിൽ നിലനിർത്തിക്കൊണ്ട് തന്നെ പദ്ധതി ഘടന പുനർ നിർണ്ണയിച്ചു. 2014 ഏപ്രിൽ മാസത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ചു. 2014 ഒക്ടോബർ 29 ന് കൂടിയ കേന്ദ്ര ധനമന്ത്രാലയത്തിന്റെ ഉന്നതാധികാര സമിതി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുമതിയ്ക്ക് തത്വത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. അന്തിമ അനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

5) <u>ധനസമാഹരണം</u>

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ധനസമാഹരണത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ലീഡറായിട്ടുള്ള ബാങ്ക് കൺസോർഷ്യവും I.I.F.C (India Infrastructure Finance Company Ltd) , HUDCO എന്നീ ധനകാര്യ സ്ഥാപനങ്ങളും സാമ്പത്തിക സഹായം നൽകുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്കായി 810/- കോടി രൂപ സമാഹരിക്കേണ്ടതു ബോണ്ടുകളായാണ്. ഇതിനു വേണ്ടിയുള്ള റേറ്റിംഗ് പൂർത്തിയായി കഴിഞ്ഞു. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മുഖാന്തിരം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനസമാഹരണ മാർഗ്ഗങ്ങൾ പുനഃക്രമീകരിക്കേണ്ടതുണ്ട്.

6) <u>അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ</u>

റെയിൽവേ ഒഴികെ പദ്ധതിയ്ക്ക് ആവശ്യമുള്ള ഭൂമിയുടെ 90 ശതമാനം ഏറ്റെടുത്തു കഴിഞ്ഞു. ഇതിൻ പ്രകാരം പദ്ധതിയ്ക്കായി ഇതുവരെ ആകെ 206.64 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ ജലം (3.3 MLD) എത്തിക്കുന്നതിനുള്ള നിർമ്മാണം 2013 ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ചു. വൈദ്യുതി ലൈനിന്റെ

| | |
|---|---|
| | നിർമ്മാണം നടന്നു വരുന്നു. റെയിൽ പാതയുടെ Detailed Project Report ഉടൻ പൂർത്തീകരിക്കുന്നതാണ്. |
| (ബി) പദ്ധതിയുടെ റെയിൽ, റോഡ് **പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ;** | (ബി) റോഡ് നിർമ്മാണം പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി കരാർ ഏറ്റെടുക്കുന്ന നിർമ്മാണ / നടത്തിപ്പു പങ്കാളി ചെയ്യേണ്ടതാണ്.<br>റെയിൽ നിർമ്മാണം പദ്ധതിയുടെ കരാർ ഉറപ്പിക്കുന്ന തീയതി മുതൽ ആറു വർഷത്തിനുള്ളിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL), റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) മുഖാന്തിരം നിർമ്മിച്ചു കൈമാറുന്നതാണ്. |
| (സി) **വിഴിഞ്ഞം പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?** | (സി) നിർമ്മാണ / നടത്തിപ്പ് കരാർ ഉറപ്പിക്കുന്നതു മുതൽ നാലു കൊല്ലത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. അതായത് 2019 അവസാനത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**